# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1685

03-10-2011 ൽ മറുപടിക്ക്

## ഉടുമ്പൻചോല എക്സൈസ് റേഞ്ച് ഓഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി) |
| എ) ഇടുക്കി ജില്ലയിലെ നെടുംകണ്ടത്ത് പ്രവർത്തിക്കുന്ന ഉടുമ്പൻചോല എക്സൈസ് റേഞ്ച് ഓഫീസ് മഴക്കാലത്ത് ചോർന്നൊലിക്കുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഈ വിഷയത്തിൽ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ; | ബി) നെടുങ്കണ്ടം പി.ഡബ്ല്യു.ഡി. കെട്ടിട വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്, ടി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കും റൂഫിംഗിനുമായി അപേക്ഷ സമർപ്പിച്ചിട്ടു ള്ളതും, 3,72,000/- രൂപയുടെ എസ്റ്റിമേറ്റ് പി.ഡബ്ല്യു.-ഡി.യിൽ നിന്നും നൽകിയിട്ടുള്ള തുമാണ്. ഉടൻ അറ്റകുറ്റപ്പണികൾ നിർവ്വഹി ക്കുന്നതാണ്. |
| സി) ഈ കെട്ടിടത്തിന്റെ ചോർച്ച തടയുന്നതിനും തൊണ്ടി മുതലുകൾ സൂക്ഷിക്കുന്നതിനുമായി ഈ കെട്ടിട ത്തിനു മുകളിൽ ഒരു മേൽക്കൂര അടിയന്തിരമായി നിർമ്മിച്ചുകൊടുക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ; | സി) പരിഗണനയിലുണ്ട്. മേൽ പരാമർശിച്ചിരി ക്കുന്ന എസ്റ്റിമേറ്റിൽ റൂഫിംഗും ഉൾപ്പെടുത്തി യിട്ടുണ്ട്. |
| ഡി) കമ്പംമെട്ടിലും, ബോഡിമെട്ടിലും എക്സൈസ് ഉദ്യോഗസ്ഥന്മാരുടെ പ്രവർ ത്തനങ്ങൾക്കായി ഓഫീസ് കെട്ടിടം നിലവിലുണ്ടോ ; | ഡി) കമ്പംമെട്ടിൽ രണ്ട് ബാരിക്കേഡുകളാണ് ഉള്ളത്. ആയതിൽ, കമ്പം നെടുങ്കണ്ടം റൂട്ടിലെ ബാരിക്കേഡ് ഭാഗത്ത് 43.56 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ ഒരു ഓഫീസ് കെട്ടിടം ഉണ്ട്. |

(മറുപുറം)

| | |
|---|---|
| | എന്നാൽ, കമ്പം-കട്ടപ്പന റൂട്ടിലെ ബാരിക്കേഡ് ഭാഗത്ത്, ഓഫീസ് കെട്ടിടം ഇല്ല. ബോഡിമെട്ടിൽ 46 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒരു ഓഫീസ് കെട്ടിടമുണ്ട്. |
| ഇ) കമ്പംമെട്ടിലെയും ബോഡിമെട്ടിലെയും ചെക്ക് പോസ്റ്റുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| എഫ്) ഇതുവരെ എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? | എഫ്) കമ്പംമെട്ടിലേയും ബോഡിമെട്ടിലേയും ചെക്കുപോസ്റ്റുകളിൽ ആവശ്യമായ ഫർണീച്ചർ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കെട്ടിടങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ